# ആസാദി കാ അമൃത് മഹോത്സവ്: നിയമസഭ പരിപാടികൾ അസ്മാബി കോളജിൽ

**കൊടുങ്ങല്ലൂർ:** ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേരള നിയമസഭ നടത്തിവരുന്ന വിവിധ പരിപാടികൾ കയ്പമംഗലം മണ്ഡലത്തിലെ അസ്മാബി കോളജിൽ സംഘടിപ്പിക്കാൻ സംഘാടക സമിതി രൂപവത്കരിച്ചു. കോളജിൽ ചേർന്ന യോഗത്തിൽ ചെയർമാനായി ഇ.ടി. ടൈസൺ എം.എൽ.എ, ജനറൽ കൺവീനറായി ശ്രീനാരായണപുരം പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. മോഹനൻ, കോഓഡിനേറ്ററായി അസ്മാബി കോളജ് പ്രിൻസിപ്പൽ ഡോ. ബിജു എന്നിവരെ തെരഞ്ഞെടുത്തു. നവംബർ 14, 15 തീയതികളിലായാണ് പരിപാടി.

മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. നിയമസഭ മ്യൂസിയം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യസമര ചരിത്രം വിശദീകരിക്കുന്ന അപൂർവങ്ങളായ ഫോട്ടോകളുടെയും വിഡിയോകളുടെയും പ്രദർശനം ഉണ്ടാകും. സ്വാതന്ത്ര്യസമരത്തിന്റെ നാൾവഴികളും ഉജ്ജ്വല മുഹൂർത്തങ്ങളും ചിത്രീകരിച്ച ലഘു വിഡിയോ ചിത്രങ്ങളടങ്ങുന്ന പ്രദർശനവും ലഹരിവിരുദ്ധ ബോധവത്കരണവും നടക്കും.

യൂനിസെഫിന്റെ സഹകരണത്തോടെ ഹയർ സെക്കൻഡറി, കോളജ് വിദ്യാർഥികൾക്കായി കാലാവസ്ഥ വ്യതിയാനം, ദുരന്തനിവാരണം എന്നീ വിഷയങ്ങളിൽ ശിൽപശാല നടത്തും. തെരഞ്ഞെടുക്കപ്പെടുന്ന 150 വിദ്യാർഥികൾക്കാവും പ്രവേശനം. ശിൽപശാലയിൽ പങ്കെടുക്കുന്ന പ്രതിനിധികളിൽനിന്ന് കാലാവസ്ഥ അംബാസഡറെ തെരഞ്ഞെടുക്കും. മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായി അനുബന്ധ പരിപാടികളും കലാപരിപാടികളും അരങ്ങേറും.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഗിരിജ, പഞ്ചായത്ത് പ്രസിഡന്റുമാരായ സീനത്ത് ബഷീർ, കെ.പി. രാജൻ, ശോഭന രവി, ബിന്ദു രാധാകൃഷ്ണൻ, ടി.കെ. ചന്ദ്രബാബു, വിനീത മോഹൻദാസ്, പഞ്ചായത്ത് സ്ഥിരസമിതി അധ്യക്ഷൻമാർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കേരള
(A Governme
ഹെഡ് ഓഫീസ്:
PH: 0487-242065
സ്ഥാവര വ
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷ